# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1257**

**30.01.2018-ന് മറുപടിയ്ക്ക്**

## <u>ഈസ്റ്റ് ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ടിൽ പെൺകുട്ടികൾക്കായി ഹോസ്റ്റൽ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈസ്റ്റ് ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ടിൽ പെൺകുട്ടികൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന്റെ കൈവശമുള്ള 8 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ആർ.എം.എസ്.എ. ഫണ്ട് ഉപയോഗിച്ച് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് പ്രസ്തുത ഹോസ്റ്റലിൽ നിലവിൽ ചാലക്കുടി പ്രീ-മെട്രിക് ഹോസ്റ്റലിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്ക് താമസ സൗകര്യം നൽകണമെന്ന വ്യവസ്ഥയിൽ 06.08.2016-ൽ സർക്കാർ അനുവാദം നൽകിയിരുന്നു. ആയത് പ്രകാരം ആർ.എം.എസ്.എയുടെ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ഹോസ്റ്റൽ നിർമ്മാണത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതം ഉപയോഗിച്ച് 255.11 ലക്ഷം (ഇരുന്നൂറ്റി അമ്പത്തഞ്ച് ലക്ഷത്തി പതിനൊന്നായിരം) രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും പ്രകാരം 367 ലക്ഷം (മൂന്നുകോടി അറുപത്തിയേഴ് ലക്ഷം) രൂപയാണ് ആകെ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത ഹോസ്റ്റൽ ഹയർ സെക്കന്ററി വിദ്യാർത്ഥിനികൾക്ക് കൂടി ലഭ്യമാക്കണമെന്ന നിബന്ധനയിൽ 255.11 ലക്ഷം |

രൂപ (ഇരുന്നൂറ്റിയമ്പത്തിയഞ്ച് ലക്ഷത്തി പതിനൊന്നായിരം രൂപ)ആർ.എം.എസ്.എയും ബാക്കി വരുന്ന 111.89 ലക്ഷം (നൂറ്റിപ്പതിനൊന്ന് ലക്ഷത്തി എൺപത്തൊമ്പതിനായിരം രൂപ) രൂപയ്ക്കുള്ള പ്രൊപ്പോസൽ തയ്യാറാക്കി ആർ.എം.എസ്.എ. ഹയർ സെക്കന്ററി ഡയറക്ടർക്ക് നൽകുന്ന മുറയ്ക്ക് സർക്കാർ അനുമതിക്ക് വിധേയമായി ടി തുക ഹയർ സെക്കൻഡറി ഡയറക്ടർ ആർ.എം.എസ്.എയ്ക്ക് അനുവദിച്ച് നൽകണമെന്നും 07.12.2017-ലെ സ.ഉ.(സാധാ) 4697/2017/പൊ.വി.വ. പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

| | |
|---|---|
| (ബി) ഹോസ്റ്റൽ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ? | (ബി) 19.01.2018-ൽ പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനീയറും അസി. എൻജിനീയറും സ്കൂൾ സൈറ്റ് ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. നിലവിൽ ഹോസ്റ്റൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ